'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് -കുടുംബശ്രീ- ജീവനക്കാര്യം-ശ്രീ. മുഹമ്മദ്ഇക്ബാൽ.ഐ,(ക്ലർക്ക് ,ടെക്നിക്കൽ എഡ്യൂക്കേഷൻ കാര്യാലയം, തിരുവനന്തപുരം)- കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.233/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/01/2020

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന. നം. സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/ധന.

3 24.07.2015 തീയതിയിലെ സ.ഉ(സാധാ)നം.2268/2015/തസ്വഭവ.

4 23.06.2017 തീയതിയിലെ സ.ഉ(സാധാ)നം.2106/2017/തസ്വഭവ.

5 08/02/2018 തീയതിയിലെ സ.ഉ(സാധാ)നം.396/2018/തസ്വഭവ.

6 11/10/2018 തീയതിയിലെ സ.ഉ(സാധാ)നം.2620/2018/തസ്വഭവ.

7 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26/07/2019 -ലെ 6502/ഇ1/2015/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ടെക്നിക്കൽ എഡ്യൂക്കേഷൻ കാര്യാലയത്തിലെ ക്ലർക്ക് ശ്രീ.മുഹമ്മദ് ഇക്ബാൽ.ഐ-യെ കുടുംബശ്രീ കൊല്ലം ജില്ലാ ഓഫീസിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമിക്കുകയും പരാമർശം(4),(5),(6)പ്രകാരം ടിയാളുടെ അന്യത്രസേവനം 28.07.2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി 28.07.2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 29.07.2019 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (7)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ടെക്നിക്കൽ എഡ്യൂക്കേഷൻ കാര്യാലയത്തിലെ ക്ലർക്ക് ആയ ശ്രീ. മുഹമ്മദ് ഇക്ബാൽ. ഐ-യുടെ കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) ഉത്തരവിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 29.07.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

ബന്ധപ്പെട്ട വ്യക്തിക്ക് (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന).

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസം,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ),

കേരളം,തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ